©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
# അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം, ശനി
Thiruvananthapuram, Saturday

2026 ജനുവരി 31
31st January 2026
1201 മകരം 17
17th Makaram 1201
1947 മാഘം 11
11th Magha 1947

നമ്പർ
No.
402

**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്

**വിജ്ഞാപനം**

**സ.ഉ.(അച്ചടി) നമ്പർ. 6/2026/ത.സ്വ.ഭ.വ.** *തിരുവനന്തപുരം, 2026 ജനുവരി 27*
*1201 മകരം 13*

**എസ്. ആർ. ഒ. നമ്പർ 127/2026**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ (1994-ലെ 13) 169-ാം വകുപ്പ് (3)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ളതും പ്രസ്തുത ആക്ടിന്റെ 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം, തൃശ്ശൂർ ജില്ലയിലെ കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "സർക്കാർ റോഡ് പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ സർവ്വെ നമ്പർ 401-ൽപ്പെട്ട 0.0162 ഹെക്ടർ ഭൂമി പ്രസ്തുത ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന് ശേഷം പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഇതിനാൽ ഒഴിവാക്കുന്നു, അതായത് :-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**പട്ടിക**

| | |
|---|---|
| ജില്ല | – തൃശ്ശൂർ |
| താലൂക്ക് | – തൃശ്ശൂർ |
| വില്ലേജ് | – കുറ്റൂർ |
| തദ്ദേശ സ്ഥാപനത്തിന്റെ പേര് | – കോലഴി ഗ്രാമപഞ്ചായത്ത്. |
| സർവ്വെ നമ്പർ | – 401 |
| വിസ്തീർണ്ണം | – 0.0162 ഹെക്ടർ |

**അതിരുകൾ**

| | |
|---|---|
| വടക്ക് | – റോഡ് |
| കിഴക്ക് | – ആലപ്പാട്ട് വറീത് മകൻ അന്തോണി വക സ്ഥലം |
| പടിഞ്ഞാറ് | – തൈക്കാട്ടിൽ ഫ്രാൻസിസ് വക സ്ഥലം, ശേഷം പുറമ്പോക്ക് |
| തെക്ക് | – തൈക്കാട്ടിൽ ഫ്രാൻസിസ് വക സ്ഥലം, ശേഷം പുറമ്പോക്ക് |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ടിങ്കു ബിസ്വാൾ**

**പ്രിൻസിപ്പൽ സെക്രട്ടറി**

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ (1994-ലെ 13) 169-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ താലൂക്ക്, കോലഴി ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായതും റവന്യൂ രേഖകളിൽ "സർക്കാർ റോഡ് പുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ കുറ്റൂർ വില്ലേജ് സർവ്വെ നമ്പർ 401-ൽപ്പെട്ട 0.0162 ഹെക്ടർ ഭൂമി പ്രസ്തുത ആക്ടിന്റെ 169-ാം വകുപ്പ് (3)-ാം ഉപ വകുപ്പ് പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന് ശേഷം പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് കേരള സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.01.31 06:03:17 +05:30